രോഗികൾക്ക് പ്രതിമാസം 1000 രൂപ ധനസഹായം നൽകുന്ന പദ്ധതികളും വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. വർഷകാലത്ത് പകർച്ചവ്യാധികൾ ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് ജാഗ്രതാ നിർദ്ദേശം എല്ലാ ജില്ലാ ഓഫീസർമാർക്കും യഥാസമയം നൽകിവരുന്നു.

(സി) പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ്, ആരോഗ്യ വകുപ്പിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും സഹായത്തോടെ അടിയന്തര നടപടികൾ സ്വീകരിക്കുന്നു. പകർച്ചവ്യാധികളും മറ്റും ആദിവാസി മേഖലയിൽ ദുരിതങ്ങൾ ഉണ്ടാക്കുമ്പോൾ പട്ടികവർഗ്ഗ വികസന വകുപ്പ് സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ടി മേഖലയിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്യാമ്പുകളും നടപ്പിലാക്കുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ടി മേഖലയിൽ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്തു വരുന്നു. ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് സൗജന്യചികിത്സയും അവരെ സഹായിക്കുന്നതിന് ഹെൽത്ത് പ്രൊമോട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

ആദിവാസി മേഖലയിലെ യാത്രയും സുരക്ഷയും

28(*358) ശ്രീ. കെ. എം. ഷാജി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവും വഖഫും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിനും സുരക്ഷിതയാത്ര ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) വനവിഭവ ശേഖരണത്തിനിടയിലും വിപണന കേന്ദ്രങ്ങളിലേക്കുള്ള യാത്രക്കിടയിലും ഉണ്ടാകുന്ന അപകടങ്ങളും ജീവഹാനിയും ഒഴിവാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള മുൻകരുതൽ നടപടികൾ പര്യാപ്തമാണോ എന്ന് പരിശോധിക്കുമോ ;

(സി) പ്രകൃതിക്ഷോഭ സാദ്ധ്യതകൾ മുൻകൂട്ടിക്കണ്ട് സെറ്റിൽമെന്റുകളിൽ സുരക്ഷയൊരുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ആദിവാസി മേഖലയിലെ യാത്രാപ്രശ്നം പരിഹരിക്കുന്നതിന് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി റോഡുകൾ, പാലങ്ങൾ, നടപ്പാതകൾ, നടപ്പാലങ്ങൾ എന്നിവ നിർമ്മിക്കുന്നു. കൂടാതെ ഉൾവനങ്ങളിലും ഒറ്റപ്പെട്ടതും, വന്യമൃഗഭീഷണി ഉള്ളതും, പൊതു ഗതാഗത സൗകര്യമില്ലാത്തതുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സുരക്ഷിതമായി സ്കൂളുകളിൽ എത്തിക്കുന്നതിനും അതുവഴി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ അവകാശ നിയമം സംരക്ഷിക്കുന്നതിനുമായി ഗോത്ര സാരഥി എന്ന പദ്ധതി 2013-14 മുതൽ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വനത്തിനുള്ളിൽ വനം വകുപ്പ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുണ്ട്. വന്യമൃഗങ്ങളുടെ ഭീഷണി ഒഴിവാക്കാൻ കിടങ്ങുകളും ജനവാസമുള്ള മേഖലകളിലേക്ക് വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് തടയുന്നതിനായി വൈദ്യുതി കമ്പിവേലിയും വനം വകുപ്പിന്റെ സഹകരണത്തോടെ സ്ഥാപിച്ചിട്ടുണ്ട്.

(സി) പ്രകൃതിക്ഷോഭമുണ്ടാകുന്ന അവസരങ്ങളിൽ ആദിവാസികളെ സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റിപാർപ്പിച്ച് അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

വിഭവ സമാഹരണ പദ്ധതി

29(*359) ശ്രീ. എം. ഉമ്മർ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. പി. ബി. അബ്ദുൾ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേക വിഭവ സമാഹരണ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly